# ആരോഗ്യ കേരളം

arogyakeralam newsletter

August 1, 2026

Follow us on

arogyakeralam.gov.in





ആരോഗ്യഭദ്രത ഉറപ്പാക്കാൻ

## കായകൽപ്പം കോട്ടയത്തും



കോട്ടയം: കേരളത്തിന്റെ ആരോഗ്യ ഭദ്രത ഉറപ്പാക്കുന്നതിനുള്ള ചുവടുവയ്പ്പാണ് ആരോഗ്യ മന്ത്രി കെ. മുരളീധരൻ നടത്തുന്ന കായകൽപ്പം ജനസമ്പർക്ക പരിപാടിയെന്ന് നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. കോട്ടയം സി.എം.എസ്. കോളേജിൽ കോട്ടയം ജില്ലയിലെ കായൽപ്പം പരിപാടി ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആരോഗ്യരംഗത്ത് ഒരുപാട് മുന്നേറ്റങ്ങൾ നടത്തിയെങ്കിലും ലോകത്തെ ഏതു കോണിലുമുണ്ടാകുന്ന പുതിയ രോഗങ്ങൾ കാലതാമസമില്ലാതെ നമ്മുടെ സംസ്ഥാനത്ത് എത്തുന്നുണ്ട്. ഇത്തരം പുതിയ വെല്ലുവിളികളെ ഫലപ്രദമായി നേരിടാൻ തക്കവിധം ആരോഗ്യവകുപ്പിനെ പര്യാപ്തമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനുള്ള പ്രവർത്തനങ്ങളിൽ എല്ലാ വിഭാഗം ആളുകളുടെയും സഹകരണം വേണ്ടതുണ്ട്, സ്പീക്കർ കൂട്ടിച്ചേർത്തു.

ആരോഗ്യ മന്ത്രി കെ. മുരളീധരൻ ആധ്യക്ഷത വഹിച്ചു. ജലവിഭവ ഭവന നിർമാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ്, എം.പിമാരായ അഡ്വ. കെ. ഫ്രാൻസിസ് ജോർജ്, ആന്റോ ആന്റണി എം പി, എം.എൽ.എ മാരായ മാണി സി. കാപ്പൻ, നാട്ടകം സുരേഷ്, വിനു ജോബ് കുഴിമണ്ണിൽ, കെ. ബിനിമോൻ, റോണി കെ. ബേബി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജോഷി ഫിലിപ്പ്, നഗരസഭാ അധ്യക്ഷൻ എം.പി. സന്തോഷ്കുമാർ, ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ്, എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ്. നായർ ഐ.എ.എസ്, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ പി.കെ. വൈശാഖ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. പ്രിയ എന്നിവർ പ്രസംഗിച്ചു.

ആരോഗ്യമേഖല നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും പരിഹരിക്കുന്നതിനായി സംസ്ഥാനതലത്തിൽ പൊതുജനാഭിപ്രായവും നിർദേശങ്ങളും സ്വരൂപിക്കുകയെന്ന ലക്ഷ്യത്തോടെയാണ് കായകൽപ്പം ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത്.

പരിപാടിയിൽ ബഹു .ആരോഗ്യവകുപ്പ് മന്ത്രി നടത്തിയ മറ്റു പ്രധാന പ്രഖ്യാപനങ്ങൾ

- കോട്ടയം മെഡിക്കൽ കോളജിൽ കാൻസർ ചികിത്സയ്ക്ക് മെഡിക്കൽ ലീനിയർ ആക്സിലറേറ്റർ യന്ത്രം അനുവദിക്കും.
- പാമ്പാടി താലൂക്ക് ആശുപത്രിക്ക് ഉമ്മൻ ചാണ്ടിയുടെ പേരു നൽകും. ഇവിടെ കൂടുതൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം കാര്യക്ഷമമാക്കും.
- ചങ്ങനാശേരി ജനറൽ ആശുപത്രിക്കായി 80 കോടി രൂപ ചെലവിൽ നിർമിക്കുന്ന പുതിയ കെട്ടിടം 2027 ഏപ്രിലിൽ പൂർത്തിയാക്കും.
- വൈക്കം താലൂക്ക് ആശുപത്രിയുടെ 95 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ഈ സെപ്റ്റംബറിൽ പൂർത്തിയാക്കും.
- ഉഴൂവൂർ കെ.ആർ. നാരായണൻ മെമ്മോറിയൽ സ്പെഷ്യാലിറ്റി ആശുപത്രിയിലെ അഞ്ചാം നിലയിൽ പേ വാർഡ് സജ്ജീകരിക്കും.
- സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മണിമല കുടുംബരോഗ്യ കേന്ദ്രത്തിനും ചെമ്മല, കറുകച്ചാൽ, മാങ്ങാനം, അച്ചിനകം , കല്ലം എന്നീ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്കും പുതിയ കെട്ടിടങ്ങൾ നിർമിക്കും.
- പുതിയ ആശുപത്രികൾക്കും നിലവിലെ ആശുപത്രികളിൽ പുതിയ കെട്ടിടങ്ങൾ നിർമിക്കുന്നതിനും തറക്കല്ലിടുമ്പോൾ നിർമാണം സമയബന്ധിതമായി പൂർത്തിരിച്ച് പൂർണതോതിൽ പ്രവർത്തനം ആരംഭിക്കുമെന്ന് ഉറപ്പാക്കും. സമയപരിധി പാലിക്കാത്ത കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിക്കും.
- സ്ഥലം ലഭ്യമാക്കിയാൽ പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് ഉപയോഗിച്ച് പുതുപ്പള്ളി പി.എച്ച്.സിക്ക് പുതിയ കെട്ടിടം നിർമ്മിക്കും.

രോഗികളെ നിലത്തു കിടത്തുന്ന രീതി കോട്ടയം മെഡിക്കൽ കോളേജിലും ഇനി ഉണ്ടാവില്ലെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. ജൂലൈ 30 മുതൽ ഇവിടെ എല്ലാ രോഗികൾക്കും കിടക്ക ഉറപ്പാക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി.

രോഗികളെ നിലത്തു കിടത്തുന്നത് ഒഴിവാക്കുന്ന സംസ്ഥാനത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജായിരിക്കും കോട്ടയം. തിരുവനന്തപുരം മെഡിക്കൽ കോളജിൽ ഇത് നേരത്തെ നടപ്പാക്കിയിരുന്നു. ചികിത്സയും മരുന്നും കട്ടിലും കിടക്കയും ആശുപത്രിയിൽ എത്തുന്ന രോഗിയുടെ അവകാശമാണ്. രോഗികളെ നിലത്തു കിടത്തുന്ന പ്രാകൃത രീതി ഒഴിവാക്കുന്നതിന് സർക്കാർ ആശുപത്രികളിൽ സൗകര്യങ്ങൾ വർധിപ്പിക്കേണ്ടതുണ്ട്. അതിന് സർക്കാർ നടപടി സ്വീകരിക്കും.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതലുള്ള സർക്കാർ ആശുപത്രികളിലെ സൗകര്യങ്ങൾ വർധിപ്പിച്ചാൽ മെഡിക്കൽ കോളേജുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കാനാകും. സാധാരണ പനി ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങളുമായി ആളുകൾ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്ന സാഹചര്യം നിലവിലുണ്ട്. ഇത് ഒഴിവാക്കാൻ കഴിയുന്ന രീതിയിലുള്ള ക്രമീകരണം പ്രാദേശിക തലത്തിൽ ഉണ്ടാക്കുകയാണ് സർക്കാർ ലക്ഷ്യം.

## കൈത്താങ്ങായി കായകൽപ്പം ജനസമ്പർക്കം

# വയനാടിന് ഹെൽത്ത് പാക്കേജ് പ്രഖ്യാപിച്ച് മന്ത്രി കെ. മുരളീധരൻ



കായകൽപ്പം പരിപാടിക്കെത്തിയ ആരോഗ്യം–ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരനെ ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ സ്വീകരിക്കുന്നു. ഐ.സി ബാലകൃഷ്ണൻ എം.എൽ.എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ തുടങ്ങിയവർ സമീപം.

> ജില്ലയിലെ എല്ലാ ആശുപത്രികളിലും മതിയായ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയോഗിക്കും.

വയനാട്: ആരോഗ്യ രംഗത്ത് വയനാട് ജില്ല നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിച്ച് ജനകീയ ഇടപെടലായി ആരോഗ്യം – ദേവസ്വം വകുപ്പ് മന്ത്രി കെ.മുരളീധരന്റെ കായകൽപ്പം ജനസമ്പർക്ക പരിപാടി. ജില്ലയ്ക്കായി ഒരു ഡസനിലധികം പദ്ധതികൾ ഉൾപ്പെടുന്ന പ്രത്യേക ഹെൽത്ത് പാക്കേജും മന്ത്രി പ്രഖ്യാപിച്ചു. വയനാട് കളക്ടറേറ്റിലെ എ.പി.ജെ ഹാളിൽ നടന്ന കായകൽപ്പം ജനസമ്പർക്ക പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. വയനാടിന്റെ ആരോഗ്യമേഖലയ്ക്ക് പുതുജീവൻ നൽകുന്ന കർമ്മപദ്ധതികളാണ് മന്ത്രി പ്രഖ്യാപിച്ചത്. ജില്ലയിൽ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി ഉടനുണ്ടാകും. നിലവിൽ വയനാട് മെഡിക്കൽ കോളേജിനായി കണ്ടെത്തിയ സ്ഥലം സംരക്ഷിത വനഭൂമിയായതിനാൽ യോജ്യമല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. മാനന്തവാടിയിൽ മറ്റൊരു സ്ഥലം ലഭ്യമാക്കാനുള്ള സാധ്യതകൾ തേടുകയാണ്. ഇക്കാര്യത്തിൽ വേഗത്തിൽ തീരുമാനമെടുത്ത് അടിസ്ഥാന സൗകര്യവികസനം സാധ്യമാക്കിയില്ലെങ്കിൽ അടുത്ത വർഷം കോളേജിന് അംഗീകാരം നഷ്ടമാവുന്ന സ്ഥിതിയുണ്ടാവും. ഇത് തടയാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് എത്രയും വേഗം ഉചിതമായ തീരുമാനമെടുക്കും.

വൈത്തിരി ആശുപത്രിയെ ജില്ലാ മാതൃകാ ആശുപത്രിയാക്കി ഉയർത്തും. ഇവിടെ ക്രിട്ടിക്കൽ കെയർ വിഭാഗത്തിന് ഉടൻ തറക്കല്ലിടും. ജില്ലയിലെ സർക്കാർ മേഖലയിലുള്ള എം.ആർ.ഐ സ്കാനിംഗ് അപര്യാപ്തത പരിഹരിക്കാൻ ഒരു പ്രധാന ആശുപത്രിയിൽ എം.ആർ.ഐ സ്കാനിംഗ് ഉടൻ സജ്ജമാക്കും. ജില്ലയിലെ എല്ലാ ആശുപത്രികളിലും മതിയായ തസ്തിക സൃഷ്ടിച്ച് ജീവനക്കാരെ നിയോഗിക്കും.

മുടങ്ങിക്കിടക്കുന്ന ഫണ്ടുകൾ ലഭ്യമാക്കുന്നതും ഉൾപ്പെടെയുള്ള ആവശ്യങ്ങളിൽ നടപടിയുണ്ടാകും. ജില്ലാ മെഡിക്കൽ ഓഫിസിന് (ആരോഗ്യം) സ്വന്തമായി കെട്ടിടമില്ലാത്ത സാഹചര്യത്തിൽ ഓഫീസ് കെട്ടിടം നിർമ്മിക്കും. ബത്തേരി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തും. മനുഷ്യ – വന്യജീവി സംഘർഷം നിലനിൽക്കുന്ന സ്ഥലങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് സ്ഥാപിക്കും. ജില്ലയ്ക്ക് ഒരു സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രി ഉടനുണ്ടാകും. വയനാട് ക്യാൻസർ ബാധിതരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിശദമായ പഠനം നടത്തുമെന്നും മന്ത്രി അറിയിച്ചു.

ഷിഗെല്ല ഉൾപ്പെടെയുള്ള ജലജന്യ രോഗങ്ങൾ തടയുന്നതിന് ജലപരിശോധനകൾ കർശനമാക്കും. ആരോഗ്യവകുപ്പിന്റെ കാര്യക്ഷമമായ ഇടപെടൽ കൊണ്ട് നിപയുടെ വ്യാപനം ഫലപ്രദമായി തടയാനായി. കൂട്ടായ പ്രവർത്തനം കൊണ്ട് ഷിഗെല്ല നിയന്ത്രിക്കാനായെന്നും മന്ത്രി പറഞ്ഞു. ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ, പ്രതിസന്ധികൾ, ആരോഗ്യ രംഗത്ത് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പദ്ധതി നിശ്ചയിക്കൽ എന്നിവയും മണ്ഡലാടിസ്ഥാനത്തിൽ ഉയർന്നു വരുന്ന അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾപ്പെടുത്തി ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി പദ്ധതി തയ്യാറാക്കുകയാണ് ജനസമ്പർക്ക പരിപാടിയുടെ ലക്ഷ്യം. ഉദ്ഘാടന സമ്മേളനത്തിന് ശേഷം ഓരോ നിയമസഭാ മണ്ഡലത്തിന്റെയും അടിസ്ഥാനത്തിൽ പ്രത്യേക യോഗം നടത്തിയാണ് മന്ത്രി അഭിപ്രായങ്ങളും നിർദേശങ്ങളും പരാതികളും കേട്ടത്. പരാതികളും നിർദേശങ്ങളും സ്വീകരിക്കാൻ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ പ്രത്യേക കൗണ്ടറുകളും സജ്ജീകരിച്ചിരുന്നു.

കൃഷി വകുപ്പ് മന്ത്രി അഡ്വ. ടി.സിദ്ദീഖ് അദ്ധ്യക്ഷനായി. വയനാടിന്റെ ആരോഗ്യമേഖലയുടെ താളം തെറ്റൽ പുനഃക്രമീകരിക്കാനാണ് ജനസമ്പർക്ക പരിപാടിയിൽ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. വയനാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ സർക്കാർ ഒപ്പമുണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

എം.എൽ.എമാരായ ഐ.സി ബാലകൃഷ്ണൻ, ഉഷ വിജയൻ, വയനാട് എം.പി പ്രിയങ്കാ ഗാന്ധിയുടെ പ്രതിനിധി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചന്ദ്രിക കൃഷ്ണൻ, വൈസ് പ്രസിഡന്റ് ടി. ഹംസ, ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശർമിള മേരി ജോസഫ്, ജില്ലാ കലക്ടർ ഡി.ആർ മേഘശ്രീ, എൻ എച്ച് എം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ ഐ.എ എസ്., സബ് കളക്റ്റർ അതുൽ സാഗർ, ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ.വി വിശ്വനാഥൻ, ഐ.എസ്.എം ഡയറക്ടർ ഡോ. പ്രിയ കെ.എസ്, ഹോമിയോ വകുപ്പ് ഡയറക്ടർ ഡോ. എം.പി ബീന, കൽപ്പറ്റ വാർഡ് കൗൺസിലർ എ വി ദീപ, എ ഡി എം കെ അജീഷ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. മൊയ്തീൻ ഷാ പി.എം, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ വി ആർ ഷീജ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## കെ.കരുണാകരൻ മെമ്മോറിയൽ മെഡിക്കൽ കോളേജ്; അടുത്ത അധ്യയനവർഷം

# 100 എം.ബി.ബി.എസ് സീറ്റിൽ പ്രവേശനത്തിന് തത്വത്തിൽ അംഗീകാരം: മന്ത്രി കെ.മുരളീധരൻ



ആരോഗ്യം ദേവസ്വം വകുപ്പുമന്ത്രി കെ.മുരളീധരൻ കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നദ്ദയുമായി കൂടിക്കാഴ്ച നടത്തിയപ്പോൾ.

തിരുവനന്തപുരം: തലസ്ഥാനത്തെ രണ്ടാമത്തെ മെഡിക്കൽ കോളേജായ കെ.കരുണാകരൻ മെമ്മോറിയൽ ഗവ.മെഡിക്കൽ കോളേജിൽ അടുത്ത അധ്യയന വർഷം 100 എം.ബി.ബി.എസ് സീറ്റിൽ പ്രവേശനം അനുവദിക്കാമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നദ്ദ തത്വത്തിൽ അംഗീകരിച്ചു. ആരോഗ്യവകുപ്പ് മന്ത്രി കെ.മുരളീധരന്റെ നേതൃത്വത്തിലുള്ള സംഘവുമായി ഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയിലാണ് കേന്ദ്രമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

കോടികൾ മുടക്കി 10വർഷം മുമ്പ് കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടും എം.ബി.ബി.എസ് പഠനം ആരംഭിക്കാൻ കഴിയാതെ പോയത് കുറ്റകരമായ അനാസ്ഥയാണെന്ന് കേന്ദ്രമന്ത്രി പറഞ്ഞു. ഇതിനോടകം 1,100 കുട്ടികൾക്ക് ഇവിടെ എം.ബി.ബി.എസ് പഠനത്തിന് അവസരമൊരുങ്ങുമായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേരളത്തിന് എയിംസ് അനുവദിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ഉറപ്പ് നൽകിയതായും മന്ത്രി കെ.മുരളീധരൻ തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പറഞ്ഞു.

ഇന്ത്യയിൽ ആദ്യമായി ജനറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ ആരംഭിക്കുന്നതിനുള്ള പ്രൊപോസൽ സമർപ്പിക്കാൻ കേന്ദ്രമന്ത്രി ആവശ്യപ്പെട്ടു.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികൾ കേന്ദ്രീകരിച്ച് ട്രോമ കെയർ സെന്റർ ആരംഭിക്കാനുള്ള സഹായം കേന്ദ്രമന്ത്രി ഉറപ്പ് നൽകി.

കേന്ദ്രസർക്കാരിന്റെ ഇൻഷ്വറൻസിന്റെ പരിധി ഉയർത്തണമെന്ന സംസ്ഥാനത്തിന്റെ ആവശ്യവും കേന്ദ്രമന്ത്രി നദ്ദ തത്വത്തിൽ അംഗീകരിച്ചു.

കേരളത്തിലെ മൂന്ന് മെന്റൽ ഹെൽത്ത് സെന്ററുകളുടെയും നിലവാരം ഉയർത്തുന്നതിന് ആവശ്യമായ സഹായം നൽകുമെന്നും പെൺകുട്ടികൾക്ക് എച്ച്.പി.വി വാക്സിൻ നൽകുന്നതിനും കേന്ദ്രസഹായം നൽകുമെന്നും കേന്ദ്രമന്ത്രി ഉറപ്പു നൽകി.

എൻ.എച്ച്.എമ്മിനുള്ള ഫണ്ട് കേരളത്തിന് അപര്യാപ്തമാണെന്ന് കേന്ദ്രമന്ത്രിയെ ബോദ്ധ്യപ്പെടുത്തി. ഫണ്ട് കഴിയുന്ന മുറയ്ക്ക് പരിധി വർദ്ധിപ്പിക്കാമെന്ന് കേന്ദ്രമന്ത്രി വാഗ്ദാനം നൽകി. സാംക്രമികേതര രോഗങ്ങൾക്കുള്ള മരുന്നുകൾ, ചില ക്യാൻസർ മരുന്നുകൾ കൂടാതെ ഇന്ത്യയിൽ ലഭ്യമല്ലാത്ത ചില മരുന്നുകളുടെ ആവശ്യകതയും കേന്ദ്രമന്ത്രിയെ ബോദ്ധ്യപ്പെടുത്തി. ഈ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് കേന്ദ്രമന്ത്രി ജെ.പി. നദ്ദ പറഞ്ഞു. സംസ്ഥാന വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കേന്ദ്രസഹായം വർദ്ധിപ്പിക്കും.

കേരളത്തിന്റെ ആരോഗ്യമേഖല കുറ്റമറ്റരീതിയിൽ മുന്നോട്ട് പോകുന്നുവെന്നും പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നതായും കേന്ദ്രമന്ത്രി പറഞ്ഞു.

കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി.നദ്ദയുമായുള്ള കൂടിക്കാഴ്ച സൗഹാർദ്ദപരമായിരുന്നതായും കേരളത്തിന്റെ ആവശ്യങ്ങളോട് പോസിറ്റീവായ സമീപനമാണ് അദ്ദേഹം സ്വീകരിച്ചതെന്നും ആരോഗ്യമന്ത്രി കെ. മുരളീധരൻ വ്യക്തമാക്കി.


## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**അനു എസ് നായർ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

സീനിയർ എഡിറ്റർ
**ഡോ. വിദ്യ വിജയൻ**
സ്റ്റേറ്റ് നോഡൽ ഓഫീസർ
ബി.സി.സി

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസിസ്റ്റന്റ് എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**ശ്രേയ കൃഷ്ണ ആർ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ്, ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ്, തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ്, കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ്, എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ്, കോട്ടയം

**ആഗ്നൽ ജോസഫ്**
കൺസൾട്ടന്റ്, ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ്, തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ്, മലപ്പുറം

**ബിൻസി രവീന്ദ്രൻ**
കൺസൾട്ടന്റ്, കണ്ണൂർ

**കമൽ കെ ജോസ്**
കൺസൾട്ടന്റ്, കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വനി രവീന്ദ്രൻ**
കൺസൾട്ടന്റ്, കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ് മിഷൻ ഓഫീസ്

വീഴ്ചകളെ ന്യായീകരിക്കില്ല

# നടപടിയാണ് പരിഹാരം: മന്ത്രി കെ.മുരളീധരൻ

## പകർച്ചവ്യാധി പ്രതിരോധം: മാധ്യമ ശില്പശാല സംഘടിപ്പിച്ചു



തിരുവനന്തപുരം: ആരോഗ്യവകുപ്പിന്റെ സിസ്റ്റത്തിലുള്ള വീഴ്ചകളെ ന്യായീകരിക്കില്ലെന്നും അടിയന്തരമായ നടപടികളാണ് പരിഹാരമെന്നും ആരോഗ്യ ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിനായി മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിച്ച ശില്പശാല സെക്രട്ടേറിയറ്റിലെ ദർബാർ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ആരോഗ്യമേഖലയിൽ എല്ലാം ഭദ്രമാണെന്ന് കള്ളം പറയില്ല. പ്രത്യേകിച്ച് പകർച്ചവ്യാധികളുടെ കാര്യത്തിൽ. പകർച്ചവ്യാധികളുടെ കണക്കിൽ കള്ളം കാണിച്ചാൽ അത് അപകടമുണ്ടാക്കും. എല്ലാം ശരിയാണെന്ന് നമ്മൾ പ്രചരിപ്പിക്കുമ്പോൾ ജനങ്ങൾ ഇക്കാര്യത്തെ ലാഘവത്തോടെ കാണും. അത് പാടില്ല. അതുകൊണ്ടാണ് പകർച്ചവ്യാധികളുടെ പരിശോധന ശക്തിപ്പെടുത്താനും മരണസംഖ്യയുൾപ്പെടെ ആരോഗ്യ വകുപ്പിന്റെ പോർട്ടലിൽ കൃത്യമായി നൽകാനും നിർദ്ദേശം നൽകിയത്. മാധ്യമവിമർശനങ്ങളെ മുഖവിലയ്ക്ക് എടുത്താണ് ആരോഗ്യവകുപ്പ് മുന്നോട്ടുപോകുന്നത്. വിമർശനങ്ങളിൽ അസഹിഷ്ണുതയില്ലെന്നും മന്ത്രി കെ. മുരളീധരൻ വ്യക്തമാക്കി.

പകർച്ചവ്യാധി പ്രതിരോധം കുറ്റമറ്റ രീതിയിൽ നടത്തുന്നതിനായി സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതിയുടെ ആഭിമുഖ്യത്തിലാണ് ശില്പശാല സംഘടിപ്പിച്ചത്. എലിപ്പനി വളരെ പെട്ടെന്ന് മരണത്തിലേക്ക് നയിക്കാൻ സാധ്യതയുള്ളതിനാൽ മറ്റ് രോഗങ്ങളുള്ളവരും പ്രായമായവരും കുട്ടികളും ഉൾപ്പെടെയുള്ള ഹൈറിസ്ക് വിഭാഗത്തിൽപ്പെട്ടവർ പനി ബാധിച്ചാൽ എത്രയും പെട്ടെന്ന് ചികിത്സ തേടണമെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. തുടക്കം മുതൽ ഡോക്സിസൈക്ലിൻ ഗുളികകൾ കഴിയ്ക്കുന്നത് മരണനിരക്ക് വളരെയധികം കുറയ്ക്കും.

ഡെങ്കിപ്പനിയിലെ അപകട സൂചനകളായ ശക്തമായ വയറുവേദന, ഛർദ്ദി, മയക്കം ബ്ലഡ് പ്രഷറിലെ കുറവ് ബ്ലീഡിംഗ് ലക്ഷണങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കണമെന്നും വിദഗ്ദ്ധർ ചൂണ്ടിക്കാട്ടി.

ഉന്നതാധികാര സമിതി ചെയർമാൻ ഡോ.എസ്.എസ് ലാൽ അദ്ധ്യക്ഷത വഹിച്ചു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ.മീനാക്ഷി.വി, അഡീഷണൽ ഡോ.റീത്ത കെ.പി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദുമോഹൻ, ആരോഗ്യകേരളം ഡി.പി.എം ഡോ.അർണോൾഡ് ദീപക്, ഉന്നതാധികാര സമിതി കൺവീനർ ഡോ. ശ്രീജിത്ത് എൻ. കുമാർ, അംഗങ്ങളായ ഡോ. സുൽഫി നൂഹു, ഡോ. എ. അൽത്താഫ്, ഡോ. അരവിന്ദ്, തുടങ്ങിയവർ പകർച്ചവ്യാധി പ്രതിരോധവുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് സംസാരിച്ചു.

പകർച്ചവ്യാധികളുമായി ബന്ധപ്പെട്ട് തെറ്റായ വിവരങ്ങൾ പ്രചരിക്കുന്നത് ഒഴിവാക്കാനും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ കൃത്യമായി ജനങ്ങളിലെത്തുന്നതിനും മാധ്യമങ്ങളുടെ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ശില്പശാല സംഘടിപ്പിച്ചത്.

സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യമന്ത്രി നിർവ്വഹിച്ചു

# ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം



തിരുവനന്തപുരം: സർക്കാർ ആശുപത്രികളിലെ മരുന്ന് ക്ഷാമം എത്രയും വേഗം പരിഹരിക്കുമെന്നും പുതിയതായി മരുന്നുകൾ വാങ്ങുന്നതിന് ആരോഗ്യ വകുപ്പിന് 500 കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ആരോഗ്യം – ദേവസ്വം വകുപ്പ് മന്ത്രി കെ. മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന ലോക ഹെപ്പറ്റൈറ്റിസ് ദിന പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനും ഐക്യത്തോടെ എല്ലാവരും പ്രവർത്തിക്കുമ്പോൾ തെറ്റിദ്ധരിപ്പിക്കുന്ന വാർത്തകൾ പ്രചരിപ്പിക്കരുത്. ജീവനക്കാർ രോഗികളോട് നല്ല രീതിയിൽ പെരുമാറണം. ഹെപ്പറ്റൈറ്റിസ് ബി, ഹെപ്പറ്റൈറ്റിസ് സി പോലുള്ള മാരകരോഗങ്ങൾ എത്രയും വേഗം കണ്ടെത്താനും വാക്സിനേഷൻ വ്യാപകമാക്കാനും നടപടിയെടുക്കുമെന്നും മന്ത്രി വ്യക്തമാക്കി.

വി. മുരളീധരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. വി. മീനാക്ഷി മുഖ്യ പ്രഭാഷണം നടത്തി. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. കെ. പി. റീത്ത, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മോഹൻ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ ഡോ. രഞ്ചു രവീന്ദ്രൻ, സൂപ്രണ്ട് ഡോ. ജയചന്ദ്രൻ, അസിസ്റ്റന്റ് ഡയറക്ടർ ഡോ. എസ്. ഹരികുമാർ, ആരോഗ്യകേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അർനോൾഡ് ദീപക്, സ്റ്റേറ്റ് മാസ് മീഡിയ ഓഫീസർ ഡോമി ജോൺ, ജില്ലാ ടി.ബി ഓഫീസർ ഡോ രഞ്ജി രാജൻ, സംസ്ഥാന എയിഡ്സ് നിയന്ത്രണ സമിതി ഡെപ്യൂട്ടി ഡയറക്ടർ ബാല മഞ്ചു തുടങ്ങിയവർ സംസാരിച്ചു. ബോധവത്ക്കരണ സെമിനാർ മെഡിക്കൽ കോളേജ് അഡീഷണൽ പ്രൊഫസർ ഡോ. എസ്. ശ്രീജയ നയിച്ചു. പരിപാടിയുടെ ഭാഗമായി നടന്ന ഹെപ്പറ്റൈറ്റിസ് ബി പരിശോധനയിലും വാക്സിനേഷനിലും 100 ലധികം പേർ പങ്കെടുത്തു.

സംസ്ഥാനത്തെ

# 20 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരം

തിരുവനന്തപുരം: ജനറൽ ആശുപത്രി നെയ്യാറ്റിൻകര തിരുവനന്തപുരം നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.)/ ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചു (ലക്ഷ്യ സെർട്ടിഫിക്കേഷനിൽ ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററിന് 98.11 ശതമാനവും ലേബർ റൂമിന് 99.69 ശതമാനവും, എൻ.ക്യു.എ.എസ്. 98.25 ശതമാനവും).

ജില്ല ആശുപത്രി ചെങ്ങന്നൂർ ആലപ്പുഴ (ലക്ഷ്യ സെർട്ടിഫിക്കേഷനിൽ ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററിന് 90.06 ശതമാനവും ലേബർ റൂമിന് 91.64 ശതമാനവും)

മെഡിക്കൽ കോളേജ് ഐ എം സി എച്ച് കോഴിക്കോട് (ലക്ഷ്യ സെർട്ടിഫിക്കേഷനിൽ പുനഃഅംഗീകാരവും ലഭിച്ചു ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തീയേറ്ററിന് 98.84 ശതമാനവും ലേബർ റൂമിന് 96.50 ശതമാനവും) സംസ്ഥാനത്തെ മാതൃശിശു മരണനിരക്ക് കുറയ്ക്കുക, അതോടൊപ്പം തന്നെ ഗർഭിണികളായ സ്ത്രീകൾക്കും നവജാതശിശുക്കൾക്കും സർക്കാർ ആശുപത്രികളിലെ ഡെലിവറി പോയിന്റുകളിൽ മികച്ച പരിചരണം നൽകി വരുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര മാനദണ്ഡമായാണ് ലക്ഷ്യ അക്രെഡിറ്റേഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നത്.

സുരക്ഷിതവും മാന്യവുമായ പ്രസവ പരിചരണം, അണുബാധ നിയന്ത്രണം, പ്രസവാനന്തര ശുശ്രൂഷ, ലേബർ റൂമുകളുടെയും ഗർഭിണികൾക്കുള്ള ഓപ്പറേഷൻ തിയറ്ററുകളുടെയും ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയാണ് ലക്ഷ്യ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുവരെ സംസ്ഥാനത്ത് ആകെ 20 ആശുപത്രികൾക്ക് ലക്ഷ്യ സെർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട് 3 മെഡിക്കൽ കോളേജുകൾ,13 ജില്ലാ ആശുപത്രികളിലും, 4 താലൂക്കാശുപത്രികളിലുമാണ് ലക്ഷ്യ സെർട്ടിഫിക്കേഷൻലഭിച്ചിട്ടുള്ള ആശുപത്രികൾ.

- സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി വിക്ടോറിയ കൊല്ലം 95.91 ശതമാനം
- പ്രാഥമിക ആരോഗ്യകേന്ദ്രം പാരിപ്പള്ളി കൊല്ലം 93.32 ശതമാനം
- പ്രാഥമിക ആരോഗ്യകേന്ദ്രം നാട്ടിക തൃശ്ശൂർ 96.23 ശതമാനം
- നഗര പ്രാഥമിക ആരോഗ്യകേന്ദ്രം കൂരിയാട് മലപ്പുറം 96.49 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം കഞ്ഞിപ്പാടം ആലപ്പുഴ 86.72 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം കുന്നുമ്മ ആലപ്പുഴ 93.82 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം ചാലടി ആലപ്പുഴ 87.35 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം തോട്ടപ്പള്ളി കോട്ടയം 88.61 ശതമാനം
- ജനകീയ ആരോഗ്യ കേന്ദ്രം രായിരിമംഗലം മലപ്പുറം 88.53 ശതമാനം
- ജനകീയ ആരോഗ്യ കേന്ദ്രം മൂലക്കൽ മലപ്പുറം 90.14 ശതമാനം
- ജനകീയ ആരോഗ്യ കേന്ദ്രം പുൽപ്പറ്റ മലപ്പുറം 91.76 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം ചുളുക്ക വയനാട് 89.78 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം കുന്നംപേട്ട വയനാട് 89.78 ശതമാനം
- ജനകീയാരോഗ്യ കേന്ദ്രം മാവടി കണ്ണൂർ 92.03 ശതമാനം
- ജനകീയ ആരോഗ്യ കേന്ദ്രം എടൂർ കണ്ണൂർ 96.59 ശതമാനം
- നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) പുനഃ അംഗീകാരം
- പ്രാഥമിക ആരോഗ്യകേന്ദ്രം ചവറ കൊല്ലം 91.41 ശതമാനം
- പ്രാഥമിക ആരോഗ്യകേന്ദ്രം ചാത്തന്നൂർ കൊല്ലം 96.83 ശതമാനം

എന്നീ ആരോഗ്യ കേന്ദ്രങ്ങൾക്കാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാന്റേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരം ലഭിച്ചത്.

ഇതോടെ സംസ്ഥാനത്തെ ആകെ 361 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 13 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 53 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 181 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 92 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

പൊതു ആരോഗ്യ മേഖലയിലെ സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കേന്ദ്രസർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്. അന്തർദേശീയ നിലവാര നിർണ്ണയ ഏജൻസിയായ ദി ഇന്റർനാഷണൽ സൊസൈറ്റി ഫോർ ക്വാളിറ്റി ഇൻ ഹെൽത്ത് കെയർ (I.S.Q.U.A) അംഗീകരിച്ചതാണ് എൻ.ക്യു.എ.എസ് സർട്ടിഫിക്കേഷൻ. ആരോഗ്യസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എട്ട് മേഖലകളിൽ നടത്തുന്ന വിശദമായ പരിശോധനയുടെയും, മാർക്കിന്റെയും അടിസ്ഥാനത്തിലാണ് ഓരോ സ്ഥാപനങ്ങൾക്കും എൻ.ക്യു.എ.എസ് അംഗീകാരം നൽകുന്നത്. ഇതിലൂടെ സുരക്ഷിതവും, മെച്ചപ്പെട്ടതുമായ അന്തരീക്ഷം ഒരുക്കുന്നതിനും സ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട ആരോഗ്യ സേവനം ലഭ്യമാക്കുന്നതിനും സാധിക്കും.

എൻ.ക്യു.എ.എസ് അംഗീകാരം ലഭിക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും നഗര പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്കും 2 ലക്ഷം രൂപ വീതവും, ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ഒരു പാക്കേജിന് 18,000 രൂപ വീതവും മറ്റ് ആശുപത്രികൾക്ക് ഒരു കിടക്കയ്ക്ക് 10,000 രൂപയും വാർഷിക ഇൻസെന്റീവ് ലഭിക്കും. എൻ.ക്യു.എ.എസ്/ ലക്ഷ്യ അംഗീകാരങ്ങൾക്ക് മൂന്ന് വർഷത്തെ കാലാവധിയാണുള്ളത്. മൂന്ന് വർഷത്തിന് ശേഷം ദേശീയ സംഘത്തിന്റെ പുനഃപരിശോധനയും, വർഷാവർഷം സംസ്ഥാനതല പരിശോധനയുമുണ്ടാകും.

# ആരോഗ്യഭേരിക്ക് തുടക്കമായി



എറണാകുളം: മഴക്കാല രോഗങ്ങളെയും പുതുതായി ആവിർഭവിക്കുന്ന രോഗങ്ങളും വിവിധ രോഗങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും ഫലപ്രദമായി നേരിടാൻ എറണാകുളം ജില്ലാ പഞ്ചായത്തും ആരോഗ്യ വകുപ്പും ദേശീയ ആരോഗ്യദൗത്യവും സംയുക്തമായി നടപ്പിലാക്കുന്ന 'ആരോഗ്യ ഭേരി' എന്ന പുതിയ കർമ്മ പദ്ധതി മാതൃകാപരമെന്ന് ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി റോജി എം ജോൺ പറഞ്ഞു. ആരോഗ്യ ഭേരി ജില്ലാതല ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഓരോ വർഷം കഴിയുന്തോറും കേട്ടുകേൾവി പോലുമില്ലാത്ത പുതിയ വൈറസുകളും രോഗങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, അവയെ ഫലപ്രദമായി പ്രതിരോധിക്കാൻ ഒരുമിച്ചുള്ള പ്രതിരോധം അനിവാര്യമെന്ന് അദ്ദേഹം പറഞ്ഞു. കോർപ്പറേഷനെയും മുൻസിപ്പാലിറ്റികളെയും ഉൾപ്പെടെ സഹകരിപ്പിച്ചുകൊണ്ട് മറ്റ് ത്രിതല പഞ്ചായത്ത് സംവിധാനങ്ങളുമായി ചേർന്നാണ് ജില്ലാ പഞ്ചായത്ത് മാതൃകാപരമായ ഈ പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്. ആരോഗ്യരംഗത്തെ വിദഗ്ദ്ധർ നയിക്കുന്ന ഈ ശില്പശാലയുടെ തുടർപ്രവർത്തനങ്ങൾ താഴേത്തട്ടിലുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കൃത്യമായി നടപ്പിലാക്കുന്നതിലൂടെ ജില്ലയുടെ ആരോഗ്യ രംഗത്ത് സമഗ്ര മാറ്റത്തിന് തുടക്കം കുറിക്കുമെന്നും, ഈ കർമ്മപദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാരിന്റെ പൂർണ്ണ പിന്തുണയും സഹകരണവും ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു.

നോർത്ത് ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ ടി ജെ വിനോദ് എം എൽ എ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം പി, മേയർ അഡ്വ. വി കെ മിനി മോൾ, ജി പ്രിയങ്ക ഐ എ എസ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് സിന്റോ ജേക്കബ്, കോർപ്പറേഷൻ ആരോഗ്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ സീന ടീച്ചർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ ഷാഹിർഷാ ആർ, അഡീഷണൽ ജില്ലാ മെഡിക്കൽ ഓഫീസർമാരായ ഡോ ആശ കെ കെ, ഡോ വിദ്യ കെ ആർ, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ ഹനീഷ് എം എം, ഡെപ്യൂട്ടി ഡി എം ഒ ഡോ ആരതി കൃഷ്ണൻ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി ടിമ്പിൾ മാഗി, ഫിനാൻസ് ഓഫീസർ പി ഹനീഷ്, ജനപ്രതിനിധികൾ തുടങ്ങിയവർ സംസാരിച്ചു.

പൊതുജനാരോഗ്യ വിദഗ്ധരായ ഡോ ബിനു അരീക്കൽ, ഡോ സണ്ണി പി ഓരത്തേൽ, ഡോ എ ബി വിൻസെന്റ്, രാജു പി കെ എന്നിവർ സെഷനുകൾ നയിച്ചു.

ആരോഗ്യ ഭേരി പ്രചരണത്തിനായി സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പോസ്റ്റർ രചനാ മത്സരത്തിൽ ആർദ്ര സതീഷ് ഒന്നാം സ്ഥാനവും അഭിഗേൽ അന്ന സാബു രണ്ടാം സ്ഥാനവും നേടി. വിജയികളായവർക്ക് ചടങ്ങിൽ സമ്മാനദാനം നിർവഹിച്ചു.

# അടിമുടി മാറ്റത്തിനൊരുങ്ങി പാരിപ്പള്ളി ഗവണ്മെന്റ് മെഡിക്കൽ കോളേജ്




കൊല്ലം: അടിമുടി മാറ്റത്തിനൊരുങ്ങി പാരിപ്പള്ളിയിൽ പ്രവർത്തിക്കുന്ന കൊല്ലം ഗവണ്മെന്റ് മെഡിക്കൽ കോളേജ്. മെഡിക്കൽ കോളേജിൽ നിലവിൽ ഡോക്ടർമാർ, സ്റ്റാഫ് നഴ്സുമാർ തുടങ്ങി വിവിധ വിഭാഗം ജീവനക്കാരുടെ ഒഴിവുണ്ടെന്നും ആവശ്യത്തിന് തസ്തികകൾ സൃഷ്ടിച്ചു ശാശ്വതമായ പരിഹാരം കാണുമെന്നും മന്ത്രി കെ മുരളീധരൻ. മെഡിക്കൽ കോളേജിലെ സ്ഥിതിഗതികൾ വിലയിരുത്താൻ ചേർന്ന പ്രത്യേക അവലോകന യോഗത്തിന ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. 50 നഴ്സുമാർ ഉൾപ്പെടെ പരമാവധി ജീവനക്കാരെ നിയമിക്കും, പി. എസ്.സി യിൽ നിന്നും പട്ടിക വാങ്ങി അടിയന്തിര നിയമനം നടത്തും.

### എ.സി : പ്രശ്നം പരിഹരിക്കുവാൻ വിദഗ്ദ്ധ സമിതി

കേന്ദ്രീകൃത ശീതീകരണ സംവിധാനം മാറ്റി പുതിയത് സ്ഥാപിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദഗ്ധ സമിതിയെ ഏർപ്പെടുത്തും. പുതിയത് സ്ഥാപിക്കുന്നതിനുള്ള ചെലവ് കണക്കി സമഗ്ര റിപ്പോർട്ട് തയ്യാറാക്കി ഒരു മാസത്തിനകം നൽകണം.

### സ്പെഷ്യാലിറ്റി സേവങ്ങൾ വിപുലീകരിക്കും

ട്രോമാ കെയർ സംവിധാനം, സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മാണം, എന്നിവ ചർച്ച ചെയ്യുവാൻ തിരുവനന്തപുരത്ത് പ്രത്യേക യോഗം ചേരും. കാത്ത് ലാബിന് സ്ഥിരം കാർഡിയോളജിസ്റ്റിനെ നിയമിക്കും.

### 100 ദിന പദ്ധതിയിൽ MRI

സർക്കാരിന്റെ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി MRI സ്കാൻ സ്ഥാപിക്കുവാൻ മന്ത്രി നിർദേശം നൽകി. MRI സ്കാൻ വാങ്ങാനുള്ള തുക നിലവിൽ അടച്ചിട്ടുണ്ട്, കെട്ടിടം ഒരുക്കി MRI സ്കാൻ സജ്ജമാക്കുമ്പോൾ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിക്കും.

നഴ്സിങ് വിദ്യാർത്ഥികൾക്കായുള്ള ഹോസ്റ്റൽ സൗകര്യം വിപുലീകരിക്കും. 24 മണിക്കൂറും പ്രവർത്തിക്കുന്ന സി.ടി അൾട്രാ സൗണ്ട് സ്കാനിങ്, MRI സംവിധാങ്ങൾ ഒരുക്കും. ആശുപത്രി വികസന സമിതി പുനഃസംഘടിപ്പിക്കും, കരാർ ഫാർമസിസ്റ്റുകളുടെ ദിവസ വേതനം വർധിപ്പിക്കുന്നതും പരിഗണനയിലാണ്. അടിയന്തിര പ്രവൃത്തികൾ നൂറു ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കും. ആശുപത്രിയിലെ തുടർ വികസനത്തിന് വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കുവാനും നിർദേശം നൽകി. റെഫെറൽ ആശുപത്രി എന്ന പേരിൽ നിന്നും സംസ്ഥാനത്തെ പ്രധാന മെഡിക്കൽ കോളേജുകളിൽ ഒന്നായി പാരിപ്പള്ളി മെഡിക്കൽ കേളേജിനെ മാറ്റുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

## അതിഥികളെ സുരക്ഷിതരാക്കാൻ

# 'അതിഥി ആരോഗ്യ മിത്ര'യുമായി മലപ്പുറം



'അതിഥി ആരോഗ്യ മിത്ര' പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി നിർവഹിക്കുന്നു.

മലപ്പുറം: അതിഥി തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി ആരോഗ്യവകുപ്പും ആരോഗ്യ കേരളം മലപ്പുറവും സംയുക്തമായി നടപ്പാക്കുന്ന 'അതിഥി ആരോഗ്യ മിത്ര' പദ്ധതിക്ക് ജില്ലയിൽ തുടക്കമായി. പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം വേങ്ങര സുബൈദ പാർക്ക് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.എം. ഷാജി നിർവഹിച്ചു. പകർച്ചവ്യാധികൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സംസ്ഥാനങ്ങളിൽ നിന്ന് നിരവധി അതിഥി തൊഴിലാളികൾ എത്തുന്ന സാഹചര്യത്തിലും, നിലവിൽ മലേറിയ വ്യാപന സാധ്യത കൂടുതലുള്ള കാലഘട്ടമായതിനാലും, രോഗങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സ നൽകുന്നതിലൂടെ രോഗവ്യാപനം തടയാൻ ഈ പദ്ധതി സഹായകരമാകുമെന്ന് ഉദ്ഘാടനം ചെയ്തു മന്ത്രി പറഞ്ഞു

രോഗങ്ങൾ പ്രാരംഭ ഘട്ടത്തിൽ കണ്ടെത്തി ചികിത്സ ലഭ്യമാക്കുന്നതിലൂടെ ഗുരുതര ആരോഗ്യപ്രശ്നങ്ങളും മരണവും ഒഴിവാക്കാൻ കഴിയുമെന്നും, ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികളിലും രോഗനിർണയവും ചികിത്സയും സൗജന്യമായി ലഭ്യമാണെന്നും മന്ത്രി അറിയിച്ചു.

ജൂലൈ 16 മുതൽ 29 വരെ ജില്ലയിലെ വിവിധ മേഖലകളിൽ അതിഥി തൊഴിലാളികൾക്കായി പ്രത്യേക രോഗനിർണയ ക്യാമ്പയിൻ സംഘടിപ്പിക്കുകയാണ്. മലേറിയ, ഫൈലേറിയ, കുഷ്ഠരോഗം, ക്ഷയരോഗം എന്നിവ കണ്ടെത്തുന്നതിനുള്ള പരിശോധനകളാണ് പ്രധാനമായും ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പരിപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വിനോദ് പദ്ധതി വിശദീകരിച്ചു. ജില്ലയിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് ആരോഗ്യ സ്ഥിരംസമിതി ചെയർമാൻ അസ്സു, പൊതുമരാമത്ത് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, ആയുർവേദം, ഹോമിയോപ്പതി, കെ.എസ്.ഇ.ബി., ട്രഷറി, റവന്യൂ, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ തുടങ്ങിയ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു.ജില്ലാ സർവെയ്ലൻസ് ഓഫീസർ ഡോ. ഷുബിൻ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജാനിഫ് കെ.എം., ജില്ലാ വെക്ടർ ബോൺ ഡിസീസ് കൺട്രോൾ ഓഫീസർ പ്രദീപ്, ജില്ലാ ലാബ് ഓഫീസർ ഇബ്രാഹിം, ജില്ലാ ടെക്നിക്കൽ അസിസ്റ്റന്റ് ദേവദാസ്, ജില്ലാ എപ്പിഡെമിയോളജിസ്റ്റ് കിരൺ എന്നിവർ പങ്കെടുത്തു.

തുടർന്ന് വേങ്ങര ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. സലീലയുടെ നേതൃത്വത്തിൽ സ്ക്രീനിംഗ് ക്യാമ്പ് നടത്തുകയും ചെയ്തു. ക്യാമ്പിൽ 25-ഓളം അതിഥി തൊഴിലാളികളെ പരിശോധിക്കുകയും അവർക്ക് 'അതിഥി ആരോഗ്യ മിത്ര' കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

## ഡെങ്കിക്കെതിരെ ഒരു ഗോൾ

# ഉറവിട നശീകരണ യജ്ഞവുമായി ആരോഗ്യവകുപ്പ്



കോഴിക്കോട്: ഡെങ്കിക്കെതിരെ ഒരു ഗോൾ എന്ന സന്ദേശവുമായി ആരോഗ്യ വകുപ്പ് ക്യാമ്പയിൻ നടത്തി. സംസ്ഥാന വ്യാപകമായി മൂന്ന് ദിവസം ഡ്രൈ ഡേ ആയി ആചരിക്കുകയാണ് വെള്ളിയാഴ്ച സ്ഥാപനങ്ങൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശനിയാഴ്ച ഓഫീസുകളിലും ഞായറാഴ്ച വീടുകളിലും ആണ് ഡ്രൈ ഡേ ആചരിക്കുന്നത്. ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അടുത്ത ദിവസങ്ങളിൽ ഡെങ്കിക്കെതിരെ ഒരു ഗോൾ ഉറവിട നശീകരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഡെങ്കിപനിക്കെതിരെ ഉറവിടനശീകരണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും എല്ലാ പൊതുജനങ്ങൾക്കുമുള്ള ഉത്തരവാദിത്തത്തിനെകുറിച്ചും പരിപാടിയിൽ വിശദീകരിച്ചു .

ക്യാമ്പയിന്റെ ജില്ലാതല ഉദ്ഘാടനം നടക്കാവ് ഗവ. ഹയർസെക്കണ്ടറി സ്കൂളിൽ വച്ച് ജില്ലാ കളക്ടർ എസ് മാധവിക്കുട്ടി ഐഎഎസ് നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. രാജേഷ് വി പി അധ്യക്ഷനായ ചടങ്ങിൽ ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അഫ്സൽ സി കെ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വിദ്യാർത്ഥികളും അദ്ധ്യാപകരും ആരോഗ്യപ്രവർത്തകരും ചടങ്ങിൽ പങ്കെടുത്തു.

സമയോചിത ഇടപെടൽ

# കെ.എസ്.ആർ.ടി.സി ബസിൽ അധ്യാപികയുടെ ജീവൻ രക്ഷിച്ച് ആർ.ബി.എസ്.കെ നഴ്സ്




കണ്ണൂർ: കെ.എസ്.അർ.ടി.സി ബസിൽ പ്രഥമ ശുശ്രൂഷ നൽകി യുവതിയുടെ ജീവൻ രക്ഷിച്ച് ആർ.ബി.എസ്.കെ നഴ്സ് അഭിയ. ദേശീയ ആരോഗ്യ ദൗത്യം പദ്ധതിക്ക് കീഴിൽ കടന്നപ്പള്ളി കുടുംബാരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുന്ന അഭിയയുടെ ജാഗ്രതയും സേവനസന്നദ്ധതയും ഒരു ജീവൻ രക്ഷിക്കാൻ വഴിയൊരുക്കിയ സംഭവമാണ് ഇത്.

കഴിഞ്ഞ ദിവസം രാവിലെ പയ്യന്നൂരിലേക്കുള്ള കെ.എസ്. ആർ.ടി.സി ബസിലായിരുന്നു സംഭവം. ചെറുപുഴ സെന്റ് ജോസഫ് സ്കൂളിലെ അധ്യാപിക യാത്രയ്ക്കിടെ ബസിനുള്ളിൽ കുഴഞ്ഞു വീഴുകയായിരുന്നു. അപ്രതീക്ഷിതമായ സാഹചര്യം ബസിലുണ്ടായിരുന്ന യാത്രക്കാരിൽ ആശങ്ക സൃഷ്ടിച്ചെങ്കിലും, അതേ ബസിൽ യാത്ര ചെയ്തിരുന്ന ആർ.ബി.എസ്.കെ നഴ്സ് അഭിയ ഉടൻ തന്നെ സാഹചര്യം വിലയിരുത്തി രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകി.

കണ്ടക്ടറുടെയും മറ്റ് യാത്രക്കാരുടെയും സഹായത്തോടെ അധ്യാപികയെ ബസിന്റെ പ്ലാറ്റ് ഫോമിൽ സുരക്ഷിതമായി കിടത്തി, ആവശ്യമായ പ്രഥമ ശുശ്രൂഷയും അടിയന്തര പരിചരണവും നൽകി. ഏതാനും നിമിഷങ്ങൾക്കകം അധ്യാപികയ്ക്ക് ബോധം വീണ്ടെടുക്കാൻ സാധിച്ചു. തുടർന്ന് കൂടുതൽ ചികിത്സ ലഭ്യമാക്കുന്നതിനായി സമീപത്തെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റുകയും ചെയ്തു.

ആശുപത്രിയിൽ നടത്തിയ പരിശോധനയിൽ രക്തസമ്മർദ്ദത്തിലുണ്ടായ വ്യതിയാനമാണ് ബോധക്ഷയത്തിന് കാരണമായതെന്ന് കണ്ടെത്തി. സമയോചിതമായി ലഭിച്ച പ്രഥമ ശുശ്രൂഷ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ സഹായകമായതായി മെഡിക്കൽ വൃത്തങ്ങൾ വിലയിരുത്തി.

സേവനസമയം മാത്രമല്ല, വ്യക്തിജീവിതത്തിലും ഒരു ആരോഗ്യപ്രവർത്തകയുടെ ഉത്തരവാദിത്വ ബോധവും മാനുഷിക സമീപനവും എത്രമാത്രം വിലപ്പെട്ടതാണെന്ന് ഈ സംഭവം വീണ്ടും തെളിയിക്കുന്നു. പ്രതിസന്ധി ഘട്ടത്തിൽ ശാന്തത കൈവിടാതെ അതിവേഗം ഇടപെട്ട അഭിയയുടെ പ്രവർത്തനത്തിന് യാത്രക്കാരിൽ നിന്നും പൊതു സമൂഹത്തിൽ നിന്നും അഭിനന്ദനങ്ങൾ പ്രവഹിക്കുകയാണ്.

യാത്രയ്ക്കിടെയുണ്ടാകുന്ന ഇത്തരം അപ്രതീക്ഷിത സാഹചര്യങ്ങളിൽ പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകരുടെ സാന്നിധ്യവും സമയോചിതമായ ഇടപെടലും എത്രത്തോളം നിർണായകമാണെന്ന് ഈ അനുഭവം വീണ്ടും ഓർമ്മപ്പെടുത്തുന്നു.

# ക്ഷയരോഗ മുക്ത പഞ്ചായത്ത് പുരസ്കാരങ്ങൾ വിതരണം ചെയ്തു



കോഴിക്കോട്: ക്ഷയരോഗ നിവാരണം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന ടിബി മുക്ത് ഭാരത് & ക്ഷയരോഗ മുക്ത കേരളം പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുന്ന 2025 ലെ ക്ഷയരോഗ മുക്ത പഞ്ചായത്ത് പുരസ്കാരങ്ങൾ വിതരണം ചെയ്തു. മലാപ്പറമ്പ് ആരോഗ്യ കുടുംബ ക്ഷേമ പരിശീലന കേന്ദ്രത്തിലാണ് പരിപാടി സംഘടിപ്പിച്ചത്. തുടർച്ചയായി രണ്ട് വർഷം ക്ഷയരോഗ മുക്ത പദവി കൈവരിച്ചതിന് നാദാപുരം ഗ്രാമ പഞ്ചായത്ത് സിൽവർ പുരസ്കാരം ഏറ്റുവാങ്ങി. ഈ നേട്ടം കൈവരിക്കുന്ന ജില്ലയിലെ ഏക ഗ്രാമ പഞ്ചായത്തുകൂടിയാണ് നാദാപുരം. മുക്കം മുനിസിപ്പാലിറ്റി, അരിക്കുളം, ബാലുശ്ശേരി, കൂരാച്ചുണ്ട്, കുറ്റിയാടി, തിക്കോടി, തുറയൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ബ്രോൺസ് പുരസ്കാരവും കരസ്ഥമാക്കി. പ്രശസ്തി പത്രവും മഹാത്മാ ഗാന്ധിയുടെ പ്രതിമയും അടങ്ങുന്നതാണ് പുരസ്കാരം. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മില്ലി മോഹൻ കൊട്ടാരത്തിൽ പരിപാടി ഉദ്ഘാടനം നിർവഹി ക്കുകയും പുരസ്കാരങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പുരസ്കാരങ്ങൾ നേടിയ തദ്ദേശ സ്ഥാപനങ്ങളുടെയും ആരോഗ്യ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനങ്ങളെ പ്രശംസിക്കുന്നുവെന്നും വടകര ജില്ലാ ആശുപത്രിയിൽ ക്ഷയരോഗികൾക്ക് കിടത്തി ചികിൽസ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും അവർ പറഞ്ഞു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡണ്ട് കെ.കെ നവാസ് മുഖ്യപ്രഭാഷണം നടത്തി. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വിപി രാജേഷ് അധ്യക്ഷനായി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി.കെ അഫ്സൽ ക്ഷയരോഗ മുക്ത കേരളം പ്രതിജ്ഞ ചൊല്ലി കൊടുത്തു. ആരോഗ്യ വകുപ്പ് ടെക്നിക്കൽ അസിസ്റ്റൻറ് എൻ സുരേന്ദ്രൻ ആശംസയർപ്പിച്ചു സംസാരിച്ചു. ജില്ലാ ടിബി ഓഫീസർ ഡോ. ടി.എൽ ദിൽമോൻ സ്വാഗതവും ഡെപ്യൂട്ടി മാസ് മീഡിയ ഓഫീസർ കെ.ടി മുഹ്സിൻ നന്ദിയും പറഞ്ഞു. പരിപാടിയോടനുബന്ധിച്ച് ജില്ലാ ടിബി ഫോറം യോഗവും ക്ഷയരോഗ മുക്ത പഞ്ചായത്ത് പദ്ധതിയെ കുറിച്ചുള്ള ബോധവത്കരണവും നടന്നു. ബോധവൽകരണ ക്ലാസിന് ജില്ലാ ടിബി ഓഫീസർ ഡോ. ടി.എൽ ദിൽമോൻ നേതൃത്വം നൽകി. വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് അധ്യക്ഷന്മാരും ആരോഗ്യ സ്ഥിരം സമിതി അധ്യക്ഷന്മാരും പൊതുജനാരോഗ്യ വിഭാഗം ജീവനക്കാരും പങ്കെടുത്തു.

ജീവൻ കാത്ത് ആശ

# വീട്ടിൽ പ്രസവിച്ച യുവതിക്കും ചോരക്കുഞ്ഞിനും കരുതലായി


AI Image

പാലക്കാട്: സമയോചിത ഇടപെടലിലൂടെ അമ്മയുടെയും ചോരക്കുഞ്ഞിന്റെയും ജീവൻ തിരിച്ചുപിടിച്ച് ആശ. ഒറ്റപ്പാലം റെയിൽവേ സ്റ്റേഷന് സമീപത്തെ പള്ളം പ്രദേശത്ത് കഴിഞ്ഞ രണ്ടുവർഷമായി കുടുംബവുമൊത്ത് കഴിയുന്ന ഭുവനേശ്വരി എന്ന യുവതിയാണ് ആശ വർക്കർ നന്ദകുമാരിയെ വിളിച്ച് സുഖമില്ലെന്നും പ്രസവവേദന തുടങ്ങിയെന്നും അറിയിക്കുന്നത്. യുവതിയുടെ ഗർഭാവസ്ഥയുടെ ആരംഭം മുതൽ കൃത്യമായി നിരീക്ഷിച്ചുപോരുന്ന ആശ ഓടിപ്പാഞ്ഞ് വീട്ടിലെത്തുമ്പോൾ കാണുന്നത് വേദനയാൽ പുളഞ്ഞ് എഴുന്നേൽക്കാനാവാതെ നിലവിളിക്കുന്ന ഭുവനേശ്വരിയെയാണ്. യുവതിയെ ആശുപത്രിയിൽ കൊണ്ടുപോകാനാണ് ആദ്യം ശ്രമം നടത്തിയത്. പക്ഷെ ദുർഘടമായ വഴി കടന്ന് രണ്ട് റെയിൽവേ പാലങ്ങൾ താണ്ടി വേണം വാഹനമെത്തുന്ന വഴിയിലെത്താൻ.

പ്രസവവേദന കലശലായതോടെ ആശുപത്രിയിൽ കൊണ്ടുപോവാൻ കഴിയാതെ വരികയായിരുന്നു. ഇതിനിടെ യുവതി ആൺകുഞ്ഞിന് ജന്മം നൽകി. പെട്ടെന്നുണ്ടായ ധൈര്യത്തിൽ പകച്ചുനിൽക്കാതെ ആശ സുരക്ഷിതമായി പ്രസവമെടുത്തു. ഒപ്പം തോട്ടക്കര ജനകീയ ആരോഗ്യകേന്ദ്രത്തിലെ ജെ.പിഎച്ച് എൻ രാജിയെ വിളിച്ച് വിവരം പറഞ്ഞു. സമീപവാസികളും സഹായത്തിനായി പുറത്തു കാത്തുനിന്നു. അപ്പോഴേക്കും സ്ഥലത്തെത്തിയ ജെ.പി.എച്ച്. എൻ പൊക്കിൾകൊടി മുറിച്ചുമാറ്റി. പ്രസവം കഴിഞ്ഞ് അമ്മയെയും ചോരക്കുഞ്ഞിനെയും ചുമന്ന് വാഹനത്തിൽ കയറ്റി ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ എത്തിച്ചു. ഈറോഡ് സ്വദേശിയായ യുവതി രണ്ടാഴ്ച മുൻപ് പ്രസവത്തിനായി നാട്ടിൽ പോയിരുന്നെങ്കിലും, ആരെയും അറിയിക്കാതെ ഈറോഡ് നിന്നും തനിയെ തിരിച്ചുവരികയായിരുന്നു. വീട്ടിലെത്തി ഏതാനും മണിക്കൂറുകൾക്കകം പ്രസവവേദന തുടങ്ങി. ആശയുടെ സമയോചിത ഇടപെടലാണ് അമ്മയുടേയും കുഞ്ഞിന്റെയും ജീവൻ കാത്തത്.

വാർഡ് അംഗം സജീഷ് കൃഷ്ണനും സമീപവാസികളും ആദ്യാവസാനം സഹായസന്നദ്ധരായി ഒപ്പം നിന്നു. അമ്മയും കുഞ്ഞും സുഖമായി ഇരിക്കുന്നു.

# പുകയില രഹിത വിദ്യാലയമായി പ്രഖ്യാപിച്ചു



കോഴിക്കോട്: അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനത്തോട് അനുബന്ധിച്ച് നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസ് പുകയില രഹിത വിദ്യാലയമായി പ്രഖ്യാപിച്ചു. 2026 ജൂൺ 25ന് നടന്ന പരിപാടിയിൽ കോഴിക്കോട് നോർത്ത് എം എൽ എ അഡ്വ. കെ. ജയന്ത് അന്താരാഷ്ട്ര ലഹരി വിരുദ്ധദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനവും പുകയില രഹിത വിദ്യാലയ പ്രഖ്യാപനവും നിർവ്വഹിച്ചു.പുകയില രഹിത വിദ്യാലയങ്ങൾക്കുള്ള 9 മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്രഖ്യാപനം.

ദിനാചരണത്തിന്റെ ഭാഗമായി കുട്ടികൾക്കായി പോസ്റ്റർ രചന മത്സരം, ബോധവത്ക്കരണ ക്ലാസ് , റാലി എന്നിവയും സംഘടിപ്പിച്ചു. ആരോഗ്യവകുപ്പും നടക്കാവ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഫോർ ഗേൾസും സംയുക്തമായി സംഘടിപ്പിച്ച പരിപാടിയിൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, സാമൂഹിക പ്രവർത്തകർ എന്നിവർ പങ്കെടുത്തു

ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ, നടക്കാവിൽ സംഘടിപ്പിച്ച പരിപാടിയിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വി.പി. രാജേഷ് അധ്യക്ഷത വഹിച്ചു.

ചടങ്ങിൽ ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. അഫ്സൽ സി. കെ ദിനാചരണ സന്ദേശം നൽകി.

**ജീവിതശൈലി മാറിയപ്പോൾ ആരോഗ്യം തിരികെയെത്തി**

# മലപ്പട്ടത്തെ എസ്.എൽ.എം.ഐ പരിശീലനത്തിന്റെ വിജയകഥ




കണ്ണൂർ: ജീവിതശൈലിയിൽ ചെറിയ മാറ്റങ്ങൾ പോലും ആരോഗ്യത്തിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കാമെന്നതിന്റെ ശ്രദ്ധേയമായ ഉദാഹരണമാണ് മലപ്പട്ടം കുടുംബാരോഗ്യകേന്ദ്രത്തിന്റെയും ചൂളിയാട് ജനകീയ ആരോഗ്യ കേന്ദ്രത്തിന്റെയും നേതൃത്വത്തിൽ സംഘടിപ്പിച്ച എസ്.എൽ.എം.ഐ (Sructured Lifestyle Modification Intervention) പരിശീലനം.

പരിശീലനം പൂർത്തിയാക്കിയ ആദ്യ ബാച്ചിലെ അംഗങ്ങൾ പങ്കുവെച്ച അനുഭവങ്ങൾ പരിശീലനത്തിന്റെ ഫലപ്രാപ്തി വ്യക്തമാക്കുന്നതായിരുന്നു. ദിവസേന വ്യായാമം ശീലമാക്കുക, ഭക്ഷണക്രമത്തിൽ നിയന്ത്രണം പാലിക്കുക, മരുന്നുകൾ കൃത്യസമയത്ത് കഴിക്കുക തുടങ്ങിയ ആരോഗ്യശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയതോടെ, നിലവിൽ ഉപയോഗിച്ചിരുന്ന മരുന്നുകളുടെ ഡോസ് ഡോക്ടറുടെ നിർദേശപ്രകാരം കുറയ്ക്കാൻ കഴിഞ്ഞതായി പലരും സാക്ഷ്യപ്പെടുത്തി.

ശാരീരിക ആരോഗ്യത്തിൽ മാത്രമല്ല, മാനസികാരോഗ്യത്തിലും പരിശീലനം ഗുണകരമായ മാറ്റങ്ങൾ സൃഷ്ടിച്ചതായി പരിശീലനാർത്ഥികൾ പറഞ്ഞു. എല്ലാ മാസവും നടക്കുന്ന ഗ്രൂപ്പ് കൂടിച്ചേരലുകൾ പരസ്പര പിന്തുണയും അനുഭവങ്ങൾ പങ്കുവെക്കാനുള്ള അവസരവും ഒരുക്കുന്നതിലൂടെ മാനസിക ഉല്ലാസവും ആത്മവിശ്വാസവും വർധിപ്പിക്കുന്നതായി അവർ വിലയിരുത്തി.

### അനുമോദന ചടങ്ങ്

എസ്.എൽ.എം.ഐ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ആദ്യ ബാച്ചിനെ ആദരിക്കുന്നതിനായി ചൂളിയാട് ജനകീയ ആരോഗ്യകേന്ദ്രത്തിൽ അനുമോദന ചടങ്ങ് സംഘടിപ്പിച്ചു. മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. പി. ലക്ഷ്മണൻ പരിപാടി ഉദ്ഘാടനം ചെയ്തു. പരിശീലനം പൂർത്തിയാക്കിയവർക്ക് ബാഡ്ജ് അണിയിച്ച് അദ്ദേഹം ആദരിച്ചു.

വാർഡ് മെമ്പർ ശ്രേയ അധ്യക്ഷത വഹിച്ച ചടങ്ങിൽ മലപ്പട്ടം കുടുംബാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. നിതിൻ സ്വാഗതപ്രഭാഷണം നടത്തി. ജനകീയ ആരോഗ്യകേന്ദ്രം എം.എൽ.എസ്.പി രമ്യ വി.ആർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എസ്. ഷിഫ, ജനകീയ ആരോഗ്യ സമിതി അംഗങ്ങളായ സുലോചന, ഉഷ, സ്കൂൾ ഹെൽത്ത് അംബാസഡർ ദിൽന ടീച്ചർ എന്നിവർ ആശംസകൾ നേർന്നു.

### പ്രവർത്തനത്തിന് കരുത്തായി ആശമാർ

എസ്.എൽ.എം.ഐ പരിശീലനം വിജയകരമാക്കുന്നതിൽ ആശാ പ്രവർത്തകരായ കവിത, രമ്യ, അംബുജാക്ഷി, രാധാമണി, അനുഷ്മ എന്നിവർ നിർണായക പങ്കുവഹിച്ചു. പരിശീലനത്തിലൂടെ നേടിയ ആരോഗ്യശീലങ്ങൾ കൂടുതൽ കുടുംബങ്ങളിലേക്കും സമൂഹത്തിലേക്കും വ്യാപിപ്പിക്കുന്നതിനായി എസ്.എൽ.എം.ഐ അംഗങ്ങൾ സജീവ ബോധവൽക്കരണശീലവൽക്കരണ പ്രവർത്തനങ്ങൾ തുടരുകയാണ്. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് മിസ്ഹബ് ബിൻ അബ്ദുള്ള നന്ദിപ്രസംഗത്തോടെ പരിപാടി സമാപിച്ചു.

### ആരോഗ്യകരമായ ജീവിതശൈലി തന്നെയാണ് മികച്ച മരുന്ന്

മരുന്നുകളെ മാത്രം ആശ്രയിക്കാതെ, ജീവിതശൈലിയിൽ ആരോഗ്യകരമായ മാറ്റങ്ങൾ വരുത്തിയാൽ ജീവിതനിലവാരം മെച്ചപ്പെടുത്താനും ചില സാഹചര്യങ്ങളിൽ ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്നുകളുടെ അളവ് കുറയ്ക്കാനും കഴിയുമെന്ന സന്ദേശമാണ് മലപ്പട്ടം ചൂളിയാട് എസ്.എൽ.എം.ഐ പരിശീലനം സമൂഹത്തിന് നൽകുന്നത്. ജീവിതശൈലി മാറ്റം വ്യക്തികളുടെ ആരോഗ്യത്തിലും ആത്മവിശ്വാസത്തിലും സാമൂഹിക ഇടപെടലുകളിലും ഗുണപരമായ മാറ്റങ്ങൾ സൃഷ്ടിക്കാമെന്നതിന് ഈ മാതൃക ശ്രദ്ധേയമായ തെളിവായി മാറുകയാണ്.

**ഒൻപത് മാസം പ്രായമുള്ള കുഞ്ഞിന്**

# 'ഹൃദ്യം' പദ്ധതിയിലൂടെ തുടർചികിത്സ


AI Image

ആലപ്പുഴ: മാന്നഞ്ചേരി പഞ്ചായത്തിലെ ആർ.ബി.എസ്.കെ നഴ്സുമാർ നടത്തിയ പതിവ് ആരോഗ്യ പരിശോധനയിലൂടെ ഒൻപത് മാസം പ്രായമുള്ള കുഞ്ഞിന് ജന്മനായുള്ള ഹൃദ്രോഗം കണ്ടെത്തി. എല്ലാ ബുധനാഴ്ചകളിലും നടക്കുന്ന പ്രതിരോധ കുത്തിവയ്പ്പ് ക്യാമ്പുകളോട് അനുബന്ധിച്ച് ആർ.ബി.എസ്.കെ സംഘം നടത്തിവരുന്ന സ്ക്രീനിംഗിനിടെയാണ് ഈ രോഗവിവരം കണ്ടെത്തിയത് .

കഴിഞ്ഞ ജൂൺ 10–ന് നടന്ന പരിശോധനയിൽ കുഞ്ഞിന്റെ ഹൃദയമിടിപ്പിൽ വ്യതിയാനം നേഴ്സിന്റെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. കുഞ്ഞിന് പ്രത്യക്ഷത്തിൽ മറ്റ് ശാരീരിക ബുദ്ധിമുട്ടുകളോ ലക്ഷണങ്ങളോ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. തുടർന്ന് കുഞ്ഞിനെ ഉടൻ തന്നെ കലവൂർ എഫ്.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർ ഡോ. റോസ് മേരിയുടെ പക്കലേക്ക് എത്തിക്കുകയും, ഡോക്ടർ പരിശോധിച്ച ശേഷം വിദഗ്ധ പരിശോധനയ്ക്കായി ഒരു പീഡിയാട്രീഷ്യന്റെ അടുത്തേക്ക് റഫർ ചെയ്യുകയും ചെയ്തു.

എക്കോ പരിശോധനയിൽ കുഞ്ഞിന് ഹൃദയത്തിലെ അറകൾക്കിടയിൽ 3 മി.മി. വലിപ്പമുള്ള സുഷിരം ഉള്ളതായി സ്ഥിരീകരിച്ചു. തുടർന്ന് കുഞ്ഞിനെ ആലപ്പുഴ ഡി.ഇ.ഐ.സി ലേക്ക് മാറ്റുകയും, സംസ്ഥാന സർക്കാരിന്റെ സൗജന്യ ഹൃദയ ശസ്ത്രക്രിയ പദ്ധതിയായ 'ഹൃദ്യം' പോർട്ടലിൽ രജിസ്റ്റർ ചെയ്ത് തുടർചികിത്സ ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കൃത്യമായ സമയത്ത് രോഗം കണ്ടെത്താൻ കഴിഞ്ഞതിനാൽ കുഞ്ഞിന് ആവശ്യമായ വിദഗ്ധ ചികിത്സ വേഗത്തിൽ ലഭ്യമാക്കാൻ സാധിച്ചു.

**ആരോഗ്യമുള്ള യുവതലമുറയ്ക്കായി**

# ലോക ജനസംഖ്യാ ദിനാചരണം



പത്തനംതിട്ട: ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം) ആരോഗ്യ കേരളം പത്തനംതിട്ട എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ റാന്നി സെന്റ് തോമസ് കോളേജിൽ ലോക ജനസംഖ്യാ ദിനാചരണം സംഘടിപ്പിച്ചു. ജില്ലാതല ഉദ്ഘാടനം എം.എൽ.എ അഡ്വ. പഴകുളം മധു നിർവ്വഹിച്ചു . ആധുനിക കാലം ആവശ്യപ്പെടുന്ന വിധം വിദ്യാർത്ഥികൾ തൊഴിൽ മേഖലയിൽ നൈപുണ്യം നേടേണ്ടത് അനിവാര്യമാണന്നും എം എൽ എ പറഞ്ഞു. ചടങ്ങിൽ റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സോണിയ മനോജ് അധ്യക്ഷയായി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ജിനു ജി തോമസ് ദിനാചരണ സന്ദേശം നൽകി. 'പ്രസവങ്ങൾ തമ്മിൽ മതിയായ ഇടവേള– അമ്മയുടെയും കുഞ്ഞിനെയും ആരോഗ്യത്തിനും ക്ഷേമത്തിനും' എന്നതാണ് കേരളത്തിൽ ഈ വർഷത്തെ പ്രമേയം. ജനങ്ങളിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിച്ച് അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യം മെച്ചപ്പെടുത്തുന്ന പരിപാടികൾക്കാണ് ആരോഗ്യവകുപ്പ് ഊന്നൽ നൽകുന്നത്. റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രമോദ് മന്ദമരുതി, ജില്ലാ പഞ്ചായത്ത് അംഗം ആരോൺ ബിജിലി പനവേലി, റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്ത് ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മേരി ജോൺ, ജില്ലാ ആർ.സി.എച്ച് ഓഫീസർ ഡോ. ശ്യാംകുമാർ കെ.കെ റാന്നി സെന്റ് തോമസ് കോളേജ് പ്രിൻസിപ്പാൾ ഡോ. സ്നേഹ എൽസി ജേക്കബ്, റാന്നി പഴവങ്ങാടി കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. രേഷ്മ കണ്ണൻ, പബ്ലിക് ഹെൽത്ത് നഴ്സ് സൂപ്പർവൈസർ പ്രസന്നകുമാരി, ഹെൽത്ത് സൂപ്പർവൈസർ സാമൂഹിക ആരോഗ്യ കേന്ദ്രം വെച്ചൂച്ചിറ ജൂബി തോമസ്, ജില്ലാ ഡെപ്യൂട്ടി എഡ്യൂക്കേഷൻ ആൻഡ് മീഡിയ ഓഫീസർ ദീപ ആർ എന്നിവർ സംസാരിച്ചു. കോഴഞ്ചേരി ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ഡോ. അശ്വതി പ്രസാദ് എസ് വിദ്യാർത്ഥികൾക്കായി നടത്തിയ ബോധവൽക്കരണ ക്ലാസ് നയിച്ചു.


ഗംബൂട്ടും ഗ്ലൗസും പിന്നെ ഡോക്സിയും

# എലിപ്പനിക്കെതിരെ ഇടുക്കിയുടെ പ്രതിരോധം 'കവചം 2026'



ഇടുക്കി: എലിപ്പനി പടരുന്നത് തടയുന്നതിനായി ക്ഷീകർഷകരേയും ഹരിതകർമ്മ സേനാഗംങ്ങളേയും ലക്ഷ്യം വച്ചുകൊണ്ട് ഇടുക്കി ജില്ലാ ആരോഗ്യവകുപ്പ് പുതിയൊരു കാമ്പയിനു തുടക്കം കുറിച്ചു. 'കവചം 2026' ഗംബൂട്ടും ഗ്ലൗസും പിന്നെ ഡോക്സിയും എന്ന കാമ്പയിനിൽ ജില്ലയിലെ റോട്ടറി ക്ലബുകളുടെ സഹകരണത്തോടെ ക്ഷീകർഷകർക്കും ഹരിതകർമ്മ സേനാഗംങ്ങൾക്കും എലിപ്പനി പ്രതിരോധത്തിനായുള്ള ഗംബൂട്ടും ഗ്ലൗസും സൗജന്യമായി വിതരണം ചെയ്യുന്നു.

ഇടുക്കി ജില്ലയിലെ കെ.പി. കോളനി കുടുംബാരോഗ്യകേന്ദ്രത്തിന്റെ കീഴിൽ നെടുംങ്കണ്ടം പഞ്ചായത്തിലെ ക്ഷീകർഷകർക്കും ഹരിതകർമ്മ സേനാഗംങ്ങൾക്കും നെടുംങ്കണ്ടം റോട്ടറി ക്ലബുകളുടെ സഹകരണത്തോടെ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്ത് ആരംഭം കുറിച്ച കാമ്പയിൻ ഉടുമ്പൻചോല എം.എൽ.എ ശ്രീ. സേനാപതി വേണു ഉദ്ഘാടനം ചെയതു. ആരോഗ്യവകുപ്പും വിവിധ വകുപ്പകളുടെയും റോട്ടറി ക്ലബുകളുടെയും സഹകരണത്തോടെ നടപ്പാക്കുന്ന കാമ്പയിൻ ഇടുക്കി ജില്ലയിൽ മൂന്ന് മാസം നീണ്ടു നിൽക്കും.




ആരോഗ്യകേരളം സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ് നായർ ഐ എ എസ് ആരോഗ്യകേരളം കോഴിക്കോട് ജില്ലാ ഓഫീസ് സന്ദർശനം നടത്തി പകർച്ചവ്യാധി പ്രതിരോധ പ്രവർത്തത്തനങ്ങൾ വിലയിരുത്തുന്നു.

# ലോക ORS ദിനം




**ഡോ. രഞ്ജിനി ആർ ജെ**
**അസി. സർജൻ എഫ്.എച്ച്.സി മുക്കോല**

**ORS** എന്നത് ശരീരത്തിൽ നഷ്ടപ്പെട്ട വെള്ളവും ലവണങ്ങളും പുനഃസ്ഥാപിക്കാൻ സഹായിക്കുന്ന ഗ്ലൂക്കോസും ലവണങ്ങളും അടങ്ങിയ പ്രത്യേക ദ്രാവകമാണ്.

**എപ്പോൾ ORS നൽകണം?**

- അതിസാരം ആരംഭിച്ച ഉടൻ തന്നെ ORS കൊടുത്തു തുടങ്ങണം.
- ഓരോ തവണ വയറിളക്കം കഴിയുമ്പോഴും പ്രായത്തിനനുസരിച്ച് ആവശ്യമായ അളവിൽ ORS നൽകണം.
- ഛർദ്ദിയുണ്ടെങ്കിൽ ചെറിയ അളവുകളായി ഇടവിട്ട് നൽകാം.

**ORS തയ്യാറാക്കുന്ന വിധം**

- ഒരു ORS പാക്കറ്റ് 1 ലിറ്റർ തിളപ്പിച്ച് തണുപ്പിച്ച ശുദ്ധജലത്തിൽ പൂർണ്ണമായി കലക്കുക.
- തയ്യാറാക്കിയ ORS 24 മണിക്കൂറിനുള്ളിൽ ഉപയോഗിക്കുക.
- ശേഷിക്കുന്നത് ഉപേക്ഷിച്ച് പുതിയത് തയ്യാറാക്കുക.

**ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- മുലയൂട്ടൽ ഒരിക്കലും നിർത്തരുത്. കുട്ടിക്ക് സാധാരണ ഭക്ഷണം തുടരണം.
- ഉയർന്ന പനി, രക്തം കലർന്ന വയറിളക്കം, വെള്ളം കുടിക്കാൻ കഴിയാത്ത അവസ്ഥ, അമിത ക്ഷീണം, കണ്ണുകൾ കുഴിഞ്ഞുപോകൽ, മൂത്രം കുറയൽ തുടങ്ങിയ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ഉടൻ ആശുപത്രിയിൽ എത്തിക്കുക.
- ആവശ്യമായാൽ ഡോക്ടറുടെ നിർദേശപ്രകാരം സിങ്ക് (Zinc) ഗുളികയും നൽകണം.

**സന്ദേശം**

അതിസാരത്തെ ഭയക്കേണ്ടതില്ല. ശരിയായ സമയത്ത് ORS നൽകുന്നതിലൂടെ നിർജലീകരണം തടയാനും അനേകം ജീവനുകൾ രക്ഷിക്കാനും കഴിയും. ഓരോ വീടിലും ORS പാക്കറ്റുകൾ കരുതുകയും ശരിയായ ഉപയോഗരീതി എല്ലാവരും അറിഞ്ഞിരിക്കുകയും ചെയ്യുക.

യുവതിയുടെ അപ്രതീക്ഷിത പ്രസവത്തിന്

# തുണയായി ആശ



തൃശ്ശൂർ: ജൂലൈ 17ന് രാത്രി കക്കാട് കുടുംബാരോഗ്യകേന്ദ്രത്തിൻറെ കീഴിൽ പ്രവർത്തിക്കുന്ന ഐഷാബി (ആശ) ഉറങ്ങാൻ കിടന്നപ്പോൾ പുലർച്ചെ തന്നെ കാത്തിരിക്കുന്ന ഉത്തരവാദിത്വത്തെ കുറിച്ച് ചിന്തിച്ചിട്ടുപോലും ഉണ്ടായിരുന്നില്ല. വീടിൻറെ തൊട്ടടുത്ത് അഥിതി തൊഴിലാളികൾക്കുള്ള ക്യാമ്പിൽ താമസിക്കുന്ന നേപ്പാളി കുടുംബത്തിലം യുവതിക്ക് പുലർച്ചെ 4 മണിക്ക് പ്രസവ വേദന അനുഭവപ്പെടുകയായിരുന്നു. കണ്ടു നിന്ന ഭർത്താവ് ഒന്നു പകച്ചുപോയെങ്കിലും തലേദിവസം ക്യാമ്പിലെത്തി ഭാര്യയുടെ സുഖവിവരങ്ങൾ അന്വേഷിച്ച ആശ ഐഷാബിയുടെ മുഖമാണ് മനസ്സിൽ തെളിഞ്ഞത്. ഒട്ടും ആലോചിക്കാതെ യുവാവ് ഐഷാബിയുടെ വീട്ടിലേക്കോടി. വിവരങ്ങൾ അറിഞ്ഞ ഐഷാബി ഭർത്താവ് രമേഷിനേയും കൂട്ടി ക്യാമ്പിലേക്ക് കുതിച്ചു. ഐഷാബി മുന്നിൽ കണ്ടത് പകുതിയോളം പുറത്തേക്ക് വന്ന കുഞ്ഞിനെയാണ്. ആശ എന്ന നിലയിൽ ഒട്ടേറെ പരിശീലനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഇത്തരം ഒരു സാഹചര്യം നേരിടുന്നത് ആദ്യമായിരുന്നു. ഒന്നു പകച്ചുപോയെങ്കിലും കുഞ്ഞിനെ പുറത്തെടുത്ത് പ്രാഥമിക ശുശ്രൂഷ നൽകി പുറത്തും കവിളിലും തട്ടിയതോടെ കുഞ്ഞ് കരയാൻ തുടങ്ങി. അതോടെ മാതാപിതാക്കളോടൊപ്പം ഐഷാബിക്കും ആശ്വാസം. പൊക്കിൾകൊടി മുറിച്ചു മാറ്റുന്നതിനിടെ ആശയുടെ ഭർത്താവ് ആംബുലൻസ് വിളിച്ചു വരുത്തി. അമ്മയെയും കുഞ്ഞിനെയും ഉടനടി ചാലക്കുടി താലൂക്ക് ആശുപത്രിയിലേക്ക് എത്തിക്കുകയും ചെയ്തു. മനക്കരുത്തിൽ പ്രസവം എടുത്തുകൊണ്ട് അമ്മയും കുഞ്ഞും സുരക്ഷിതരാവുന്നതു വരെ ആശുപത്രിയിൽ കൂടെ നിന്നതും ആശയാണ്.

# യു.എൻ.എഫ്.പി.എ സംഘം സന്ദർശനം നടത്തി




എറണാകുളം: കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളുടെ മാതൃകാപരമായ പ്രവർത്തനങ്ങളെ കുറിച്ച് പഠിക്കാൻ എത്തിയ യുണൈറ്റഡ് നേഷൻസ് പോപ്പുലേഷൻ ഫണ്ടിന്റെ പ്രതിനിധി സംഘം ജില്ലയിലെ വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി. യു എൻ എഫ് പി എ ഇന്ത്യ പ്രതിനിധിയും ഭൂട്ടാനിലെ കൺട്രി ഡയറക്ടറുമായ ആൻറിയ എം വോജ്നർ, യു എൻ എഫ് പി എ ചീഫ് ഓഫ് പ്രോഗ്രാംസ് ഡോ ദീപ പ്രസാദ്, ജന്റർ ആന്റ് ഹുമൻ റൈറ്റ്സ് പ്രോഗ്രാം അനലിസ്റ്റ് കൽപന യാദവ് എന്നിവരാണ്സംഘത്തിലുണ്ടായിരുന്നത്.

ആരോഗ്യരംഗത്ത് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെ കുറിച്ച് എറണാകുളം ജനറൽ ആശുപത്രിയിൽ വെച്ച് നടന്ന യോഗത്തിൽ വിശദീകരിച്ചു. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ കെ എൻ സതീഷ്, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ ഹനീഷ് എം എം, ഐ എം എ കൊച്ചി പ്രസിഡന്റ് ഡോ അതുൽ ജോസഫ് മാനുവൽ, പാലിയേറ്റീവ് കെയർ ജില്ലാ കോർഡിനേറ്റർ അരുൺ ബി കൃഷ്ണ, ജനറൽ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ ബി സെൻസി, ആരോഗ്യകേരളം സോഷ്യൽ ഡെവല്പ്മെന്റ് ഹെഡ് സീന കെ എം തുടങ്ങിയവർ സംസാരിച്ചു. ഭൂമിക സന്ദർശിച്ച് ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരുമായി സംവദിച്ചു.

ചേരാനെല്ലൂർ കുടുംബാരോഗ്യകേന്ദ്രം സന്ദർശിച്ച സംഘം പാലിയേറ്റീവ് രംഗത്ത് നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് മനസിലാക്കി. പാലിയേറ്റീവ് കെയർ രോഗികളുടെ വീടുകളും സംഘം സന്ദർശിച്ചു. തദ്ദേശസ്ഥാപനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ, ആശമാർ തുടങ്ങിയവർ സംഘത്തിനോടൊപ്പമുണ്ടായിരുന്നു.

## വയനാട് നടന്ന കായകൽപ്പം ജനസമ്പർക്ക പരിപാടിയിൽ നിന്നും...



















### 'താരാട്ട്' ജില്ലാ തല പ്രഖ്യാപനം നടത്തി

# സമ്പൂർണ്ണ മുലയൂട്ടൽ എന്ന ലക്ഷ്യത്തിലേക്ക് എറണാകുളം

എറണാകുളം: കുഞ്ഞുങ്ങളുടെ വികാസവും പോഷണവും ആരോഗ്യവും ഉറപ്പാക്കുന്നതിന് ആറുമാസക്കാലം സമ്പൂർണ്ണ മുലയൂട്ടൽ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ജില്ലയിൽ നടപ്പിലാക്കുന്ന താരാട്ട് എന്ന ക്യാമ്പയിൻ പ്രഖ്യാപനം ആരോഗ്യ, കുടുംബക്ഷേമ, ദേവസ്വം വകുപ്പ് മന്ത്രി ശ്രീ കെ. മുരളീധരൻ ക്യാമ്പയിൻ പോസ്റ്റർ ജില്ലാ കളക്ടർ ജി. പ്രിയങ്ക ഐ എ എസ്സിന് കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസ്, ദേശീയ ആരോഗ്യ ദൗത്യം, ജനറൽ ആശുപത്രി എറണാകുളം, ജില്ലാ ഐസിഡിഎസ്സ് സെൽ, വനിതാ, ശിശു വികസന വകുപ്പ് എന്നിവ സംയുക്തമായി ഒരു വർഷം നീണ്ടു നിൽക്കുന്ന കർമ്മ പരിപാടികളാണ് ക്യാമ്പയിനിന്റെ ഭാഗമായി നടപ്പിലാക്കുന്നത്.



**ലോക മുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി** തിരുവനന്തപുരം എസ്.എ.ടി ആശുപത്രിയിൽ നടന്ന സംസ്ഥാന തല പരിപാടിയുടെ ഉദ്ഘാടനം ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ നിർവ്വഹിച്ചു.

ഇതേ വേദിയിൽ അനേകം കുഞ്ഞുങ്ങൾക്ക് ജീവനും പ്രതീക്ഷയും നൽകിക്കൊ് മുലപ്പാൽ ദാനം ചെയ്ത അമ്മമാരെ, അവരുടെ നിസ്വാർഥമായ സന്നദ്ധതയെ





